A1/153/2024/CLAD

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സാംസ്കാരിക കാര്യ വകുപ്പ് - ഭാരത് ഭവന് 2024-25 സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതത്തിൽ നിന്നും മൂന്നാം ഗഡു അനുവദിച്ചുത്തരവാകുന്നു.

---

**സാംസ്കാരിക കാര്യ (എ) വകുപ്പ്**

G.O.(Rt)No.132/2025/CLAD തീയതി,തിരുവനന്തപുരം, 17-03-2025

---

പരാമർശം:-

1. സ.ഉ.(സാധാ)നം.290/2024/സാം.കാ.വ തീയതി, 06.06.2024
2. സ.ഉ.(സാധാ)നം.346/2024/സാം.കാ.വ തീയതി, 03.07.2024
3. സ.ഉ.(സാധാ)നം.712/2024/സാം.കാ.വ തീയതി, 13.12.2024
4. സ.ഉ.(സാധാ)നം.49/2025/സാം.കാ.വ തീയതി, 31.01.2025
5. ഭാരത് ഭവൻ മെമ്പർ സെക്രട്ടറിയുടെ 27.02.2025 തീയതിയിലെ BB No.Plan 162/02/2024 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ഭാരത് ഭവന് 2024-25 സാമ്പത്തിക വർഷത്തെ വിവിധ പദ്ധതി പ്രവർത്തനങ്ങൾ, പദ്ധതി ചെലവ് 1,00,00,000/- രൂപയായി നിജപ്പെടുത്തികൊണ്ട് നിർവ്വഹിക്കുന്നതിന് പരാമർശം (1) പ്രകാരം ഭരണാനുമതി നൽകി ഉത്തരവായിരുന്നു. പ്രസ്തുത വിഹിതത്തിൽ നിന്നും പരാമർശം (2), (4) പ്രകാരം രണ്ട് ഗഡുക്കളായി 50,00,000/- രൂപ അനുവദിച്ച് ഉത്തരവായിരുന്നു. നടപ്പ് സാമ്പത്തിക വർഷം ഭരണാനുമതി ഉത്തരവ് പ്രകാരം വകയിരുത്തിയിട്ടുള്ള തുക പ്രൈയോറട്ടൈസ് ചെയ്ത് 65,00,000/- രൂപയായി നിജപ്പെടുത്തി പരാമർശം (3) പ്രകാരം ഉത്തരവായിട്ടുണ്ട്. പദ്ധതി വിഹിതത്തിൽ നിന്നും മൂന്നാം ഗഡു അനുവദിക്കണമെന്ന് പരാമർശ കത്ത് പ്രകാരം ഭാരത് ഭവൻ മെമ്പർ സെക്രട്ടറി അപേക്ഷ സമർപ്പിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഭരണാനുമതി ലഭിച്ചിട്ടുള്ള ഘടകങ്ങൾക്ക് മാത്രമെ ചെലവഴിക്കുകയുള്ളൂ എന്ന നിബന്ധനയിന്മേൽ, ഭാരത് ഭവന് 2024- 2025 സാമ്പത്തിക വർഷം 2205-00-102-82-36 (PV) എന്ന ശീർഷകത്തിൽ പദ്ധതി വിഹിതമായി വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും 15,00,000/- രൂപ (പതിനഞ്ച് ലക്ഷം രൂപ മാത്രം) മൂന്നാം ഗഡുവായി അനുവദിച്ചുത്തരവാകുന്ന

3. പ്രസ്തുത തുക 04.01.2021 ലെ 1/2021/Fin നമ്പർ സർക്കുലറിലെ നിബന്ധനകൾ പ്രകാരം ഭാരത് ഭവന്റെ തിരുവനന്തപുരം ജില്ലാ ട്രഷറിയിലുള്ള 799012700001332 എന്ന പി.എസ്.റ്റി.എസ്.ബി. അക്കൗണ്ട് നമ്പറിൽ ഓൺലൈൻ മുഖേന ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിനുള്ള നടപടി ഡി.ഡി.ഒ ആയ സാംസ്കാരിക വകുപ്പ് ഡയറക്ടറേറ്റിലെ അഡ്മിനിസ്ട്രേറ്റീവ് അക്കൗണ്ട്സ് ഓഫീസർ സ്വീകരിക്കേണ്ടതും അതിനാവശ്യമായ അനുബന്ധ

വിശദാംശങ്ങൾ സ്ഥാപന സെക്രട്ടറി സാംസ്കാരിക വകുപ്പ് ഡയറക്ടർക്ക് ലഭ്യമാക്കേണ്ടതുമാണ്. തുക കൈപ്പറ്റി മൂന്ന് മാസത്തിനകം സ്ഥാപന സെക്രട്ടറി ധനവിനിയോഗ സർട്ടിഫിക്കറ്റ് സർക്കാരിനും അക്കൗണ്ടന്റ് ജനറലിനും സാംസ്കാരിക വകുപ്പ് ഡയറക്ടർക്കും സമർപ്പിക്കേണ്ടതാണ്. കൂടാതെ, അടുത്ത ഗഡുവിനായി ശിപാർശ സമർപ്പിക്കുമ്പോൾ റിലീസ് ചെയ്ത തുകയുടെ വിനിയോഗ സാക്ഷ്യപത്രവും വിശദമായ ചെലവ് വിവരവും ലഭ്യമാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
RAJANI M
JOINT SECRETARY

മെമ്പർ സെക്രട്ടറി, ഭാരത് ഭവൻ, തിരുവനന്തപുരം
ഡയറക്ടർ, സാംസ്കാരിക വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, പ്രിൻസിപ്പൽ സബ് ട്രഷറി, ഫോർട്ട് പി.ഒ., തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
ധനകാര്യ വകുപ്പ് (E 2830577 EDN-C3/218/2024-FIN dated 12.03.2025)
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Sheeba K P
സെക്ഷൻ ഓഫീസർ
Date: 17-03-2025 15:18:52